ജി .എച്ച്.എസ്.എസ് പന്തലായനി

# ഇ- തൂലിക



## DIGITAL MAGAZINE
## 2K24

# ജി.എച്ച്.എസ്.എസ്. പന്തലായനി



റവന്യൂ ജില്ല

**കോഴിക്കോട്**

വിദ്യാഭ്യാസ ജില്ല

**വടകര**

ഉപജില്ല

**കൊയിലാണ്ടി**

പ്രധാന അദ്ധ്യാപിക

**ഗീത.എം.കെ**

പി.ടി.എ.പ്രസിഡന്റ്

**ബിജു.പി.എം**

# താളുകൾ

•ആശംസ(HEAD MISTRESS) 1
•മികവിന്റെ സുവർണ്ണ പ്രഭയിൽ 2
ആശംസ(KITE MASTER&MISTRESS) 3
•വിദ്യാലയ കാഴ്ച്ചകൾ 4
•മികവ് 5
•കഥ-കാത്തിരിപ്പ് 6
•കവിത-ഒരുത്തീ 8
•കവിത 9
•കഥ 10
•കവിത-രാത്രി 11
•കഥ 12
•കവിത 13
•കവിത 14
•കവിത-പ്രകാശം 15
•കവിത-ഒറ്റപ്പൂവ് 17
•കഥ 20
•കവിത 21
•കവിത 22
•കവിത 23
•കഥ 24
•കഥ 25
•കഥ 26
•കവിത 27
•എഡിറ്റോറിയൽ ബോർഡ് 28
•നന്ദി 29



പ്രിയ വിദ്യാർത്ഥികളെ,

നമ്മുടെ വിദ്യാലയം പഠനപ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഒരുപോലെ മുന്നേറികൊണ്ടിരിക്കുകയാണ്.ഈ വേളയിൽ നമ്മുടെ വിദ്യാലയത്തിൽ 'ലിറ്റിൽ കൈറ്റ്സ്'എന്ന പുതിയൊരു സംരംഭം കൂടി പുത്തൻ ഉണർവോടെ തുടക്കം കുറിച്ചിരിക്കുന്ന വിവരം വിദ്യാർത്ഥികൾ അറിഞ്ഞിരിക്കുമല്ലോ! അനുദിനം നമ്മുടെ ലോകം വികസിച്ചുകൊണ്ടിരിക്കുകയാണ്.അപ്പോൾ ഇത്തരം ഒരു സംരംഭത്തിന്റെ പ്രസക്തി വാനോളം വലുതുതന്നെ.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ , അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗാത്മകരചനകൾ ഉൾപ്പെടുത്തി നിർമ്മിച്ച മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഗീത.എം.കെ



# മികവിൻെറ സുവർണ്ണ പ്രഭയിൽ

കൊയിലാണ്ടിയുടെ സാംസ്ക്കാരിക പൈതൃക ഭൂമികയാണ് പന്തലായനി. വളർന്ന പന്തലിച്ച് ലോക ഭൂപടത്തിൽ അടയാളപ്പെടുത്തപ്പെട്ട പന്തലായനി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കൊയിലാണ്ടി ഗവൺമെന്റ് ഗേൾസ്ഹയർ സെക്കണ്ടറി സ്കൂൾ എന്നായിരുന്ന മുൻവർഷങ്ങളിൽ അറിയപ്പെ ട്ടിരുന്നത്. എന്നാൽ കാലത്തിന്റെ മാറ്റങ്ങളെ മൂല്യങ്ങൾ നഷ്ട പ്പെടാതെ അതിന്റെ പൂർണതയിൽ ഉൾക്കൊണ്ടുകൊണ്ട് ആൺ പെൺ വേർതിരിവില്ലാതെ. സഹവിദ്യാഭ്യാസത്തിന്റെ മേന്മകളിലൂടെ സഞ്ചരിച്ച ഒരു വർഷമാണ് കടന്നുപോയത്. കൊയിലാണ്ടിയിലേയും പരിസര പ്രദേശങ്ങളിലേയും കുട്ടികൾക്ക് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തി അറുപതാണ്ടിന്റെ പെരുമയിൽ എത്തി നിൽക്കുകയാണ് വിദ്യാലയം.

പൊതു വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള എല്ലാ നൂതന ആശയങ്ങളും പദ്ധതികളും സ്വീകരിച്ചു കൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സമഗ്രമായ വ്യക്തിത്വ വികാസം സാധ്യമാക്കുന്നതിനായി പുതുതലമുറയെ പ്രാപ്തരാക്കാൻ വിദ്യാലയം ഇന്ന് സുസജ്ജമാണ്.

തികച്ചും ശാന്തസുന്ദരവും സുരക്ഷിതവുമായ ക്യാമ്പസ് അന്തരീക്ഷം സ്കൂളിന്റെ സവിശേഷതയാണ്. ഏറ്റവും മികച്ച കെട്ടിട സമുച്ചയം ഈ വിദ്യാലയത്തിന്റെ പ്രൗഢി വിളിച്ചോതുന്നു. തുടർച്ചയായ മികച്ച വിജയം ചരിത്രത്താളുകളിൽ സ്വർണലിപികളാൽ തിളങ്ങുന്നു. ഈ വിജയങ്ങളിലൂടെ കൈവരിച്ച പൗരബോധവും മൂല്യാധിഷ്ഠിത വ്യക്തിത്വവും ഉന്നത സ്ഥാനങ്ങളിൽ ശോഭിക്കുന്നതിൽ മുതൽക്കൂട്ടായെന്ന് പൂർവ്വ വിദ്യാർത്ഥികൾ സാക്ഷ്യപ്പെടുത്തുന്നു. പാഠ്യേതര പ്രവർത്തനങ്ങളിൽ കൈവരിച്ചു കൊണ്ടിരിക്കുന്ന നേട്ടങ്ങൾ സംസ്ഥാന തലത്തിൽ തന്നെ സ്കൂളിനെ ശ്രദ്ധാകേന്ദ്രമാക്കി  മാറ്റിയിരിക്കുന്നു.

മികവാർന്ന നേട്ടങ്ങൾക്ക് പിന്നിൽ സ്കൂൾ പി.ടി.എ, കൊയിലാണ്ടി നഗര സഭ, എസ്.എസ്.ജി, അയൽപക്ക സംഘടനകൾ എന്നിവയുടെ സഹകരണവും ശക്തമായ പിന്തുണയും പ്രത്യേകം എടുത്തു പറയേണ്ടതാണ്. കർമ്മനിരതരായ അധ്യാപകരാൽ തയ്യാറാക്കപ്പെട്ട സമഗ്രമായ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ മറ്റൊരു അധ്യയന



സുഹൃത്തുക്കളെ,

ഞങ്ങളുടെ കുട്ടികൾ : ഇ തൂലിക

എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുകയാണ്. പുതു തലമുറക്ക് അറിവ് പകർന്നു നൽകുന്ന ലിറ്റിൽ കൈറ്റ്സ് എന്ന ഈ സംരംഭം കുട്ടികളെ പ്രാപ്തമാക്കുന്നത് സാങ്കേതിക വിദ്യകളെ സർഗാത്മകമായി എന്നതാണ്.പ്രായോഗിക തലത്തിൽ എങ്ങനെ ചിത്രീകരിക്കാം നൂതനമായ ആശയങ്ങളെയും അറിവുകളെയും കാലത്തിനനുസൃതമായി പകർന്ന് കൊടുക്കാനുള്ള ഈ എളിയ സംരംഭത്തിൽ നമുക്ക്

കൈകോർക്കാം....പ്രോത്സാഹിപ്പിക്കാം....



ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

2024





# വിദ്യാലയ കാഴ്ചകൾ










# മികവ്
















കഥ



# കാത്തിരിപ്പ്

•

ശാന്തമ്മയേയും കുഞ്ഞിനെയും കണ്ട് മടങ്ങുമ്പോൾ ഗോവിന്ദൻകുട്ടിയുടെ മനസ്സിൽ ഒരു നിർവികാരത നിറഞ്ഞുനിന്നു. ഹലോ. ഒന്ന് വേഗം വര്വോ?" ഡ്രൈവർ ഹോൺ മുഴക്കി ലോറിയിൽ കയറിയിരുന്നപ്പോഴും ഗോവിന്ദൻകുട്ടിയുടെ കണ്ണുകൾ എന്തോ ആലോചനയാൽ പാതിയടഞ്ഞിരുന്നു. " തിരിച്ചു വരുമ്പോ ഭാര്യയെയും കൊച്ചിനേയും കൂട്ടാമായിരുന്നില്ലേ." ഡ്രൈവറുടെ ചോദ്യത്തി- നുള്ള മറുപടി ഗോവിന്ദൻകുട്ടി ഒരു തുറിച്ചുനോട്ടത്തിൽ ഒതുക്കി.

•

സമയം രാത്രി കാട്ടിലൂടെയുള്ള വഴിയിൽ ഒരു തേനീച്ചക്കുഞ്ഞുപോലുംഉണ്ടായിരുന്നില്ല. ഇരുട്ടിൻ്റെ കാഠിന്യം പുറത്തു- മാത്രമല്ല. ഗോവിന്ദൻകുട്ടിയുടെ മനസ്സിനക- ത്തും പരന്നു. പെട്ടെന്നായിരുന്നു ലോറി നിന്നത്. ഗോവിന്ദൻകുട്ടിയുടെ തല ലോറിയു ടെ വാതിലിന്നോടിടിച്ചു. ഞെട്ടിയുണർന്നു. " കണ്ണില്ലെ തൻ്റെ മോത്ത്? ഇപ്പോ ചത്തേ നെ' ഗോവിന്ദൻകുട്ടി ഡ്രൈവർക്കുനേരെ ശബ്ദമുയർത്തി അന്യഗ്രഹത്തിൽനിന്നും പൊട്ടിവീണ ജീവിയെപ്പോലിരിക്കുന്നു വർ അനക്കമില്ല ആകെ വിയർത്തിരിക്കുന്നു. ഗോവിന്ദൻകുട്ടി ഡ്രൈവറയുടെ ദൃഷ്ടിയിലേക്ക് ശ്രദ്ധിച്ചു. തൻ്റെ കുഞ്ഞതാ റോഡിൽ കിടക്കുന്നു. അല്ല. തൻ്റെ കുഞ്ഞല്ല. ഏതോ ഒരു പൊടിക്കുഞ്ഞ്. അത് യാചിക്കുകയാണ് 'എന്നെ രക്ഷിക്കണേ . ' .....!ഗോവിന്ദൻകുട്ടി ലോറിയിൽ നിന്നുമിറങ്ങി കുഞ്ഞിനെ എടുത്തു എന്തെന്നറിയില്ല തലകറങ്ങു- ന്നപോലെ മനസ്സിൽ തൻ്റെ കുഞ്ഞിൻ്റെ മുഖം തങ്ങിനിൽക്കുന്നു. ദൂരെ. ഇരുട്ടിൽ നിന്ന് ഒരു പോലീസ് ജീപ്പ് കുതിച്ചുവന്നു. കുഞ്ഞിനേയും എടുത്ത് ഓടിയാലോ? വേണ്ട. ഈ സമയം ഡ്രൈവർ മുങ്ങിയിരിക്കുന്നു ജീപ്പ് നിർത്തി കുടവയറും കഷണ്ടിത്തലയുമായി ഒരു പോലീസുകാരൻ ഇറങ്ങിവന്നു. "എവിടുന്ന് കിട്ടിയെടാ നിനക്കിതിനെ??" ചുവന്ന കണ്ണുകളിൽ ദേഷ്യം പ്രകടമായി ഗോവിന്ദൻകുട്ടി നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. " ഇൻസ്പെക്ട്ടർ. ആ കുഞ്ഞിനെ വാങ്ങൂ. എന്നിട്ടിയാളെ പിടിച്ച് ജീപ്പിൽ കയറ്റൂ" പോലീസ് ജീപ്പിൽ കയറി. പിന്നാലെ ഗോവിന്ദൻകുട്ടിയും.

•

ജീപ്പ് പോലീസ്സ്റ്റേഷനി ലേക്ക് പോയികൊണ്ടിരിക്കുകയാണ്. ഗോവിന്ദൻകുട്ടി-യുടെ മനസ്സ് ഭയം കൊണ്ട് നിറഞ്ഞു . എന്താ ണ് കാര്യം എന്ന് ചോദിക്കാണമെന്നുണ്ട്. പക്ഷെ, ഭയം അതിന്

പിറ്റേന്ന് രാവിലെ ശാന്തയേയുംകുഞ്ഞും ഗോവിന്ദൻ കുട്ടിയുടെ വീട്ടിലെത്തി അവിടെ നിറയെ ആൾക്കൂട്ടം. ശാന്തമ്മ ആളുകൾക്കിടയിലൂടെ നടന്നു. "എന്താ പെണ്ണളെ ഗോവിന്ദനെ കാണാഞ്ഞിട്ട് വന്നതാണോ? കൂട്ടത്തിലൊരാൾ ചോദിച്ചു. ഗോവിന്ദൻകുട്ടിയെ കാണാനിലെന്നോ? ശാന്തമ്മ പരിഭ്രാന്തയായി. " അപ്പോ പെണ്ണള് കാര്യങ്ങളൊന്നും  അറിഞ്ഞില്ലെ.? ഗോവിന്ദൻ കുട്ടി ഒരു മന്ത്രിയുടെ കുഞ്ഞിനെ രക്ഷിച്ചുപ്പോലെ, പൊടികുഞ്ഞാ ആ കുഞ്ഞിനെ ആരോ തട്ടിക്കൊണ്ടുപോയതാലെ. മന്ത്രിയുടെ കുഞ്ഞിനെ രക്ഷിച്ചതിന് അദ്ദേഹത്തിൻ്റെ അച്ഛൻ ഗോവിന്ദന് ഒരു ജോലിയും കുറച്ച് പണവും നൽകി യോലെ." അയാൾ അഭിമാനത്തോടെ പറഞ്ഞു. ശാന്തമ്മയുടെ കണ്ണ് നിറഞ്ഞു. തൻ്റെ ഭർത്താവ് ഇത്രയും സ്നേഹമുള്ളവനായിരുന്നോ? താനും കുഞ്ഞും വന്നിട്ടുണ്ടെന്നറിഞ്ഞാൽ അദ്ദേഹം ഓടിയെത്തും ഗോവിന്ദൻകുട്ടിയെയും കാത്ത് ശാന്ത മ്മ ഇരുന്നു അവളുടെ കണ്ണുനീർ ഓരോ. ന്നായി ഇറ്റിക്കൊണ്ടിരുന്നു.



**റിവ.പി.കെ   10B**

കവിത

# ഒരുത്തി

ഒറ്റക്കിരിക്കുന്നപ്പോഴൊക്കെയും
ഓർത്തിരുന്ന തേങ്ങിയതൊക്കെ
ഓർമയിലെ വസന്തങ്ങളെയല്ല
ഒറ്റപ്പെടലിന്റെ വേവലാതികളാണ്
മുത്തശ്ശി പറയാറുണ്ടായിരുന്നു
ഒറ്റപെട്ട വഴികളിലൊക്ക യും
കാറ്റിനു പോലും നിഗൂടതയുടെ
ഗന്ധമാണ്

ഒറ്റക്യാകുമ്പോൾ വേട്ടയാടാപെടുവാൻ
എളുപ്പമായേക്കാം എങ്കിലും
ഒരുത്തിയുടെയുള്ളിലെ തീ മതി
എന്തിനെയും നീർക്കുനിന്നുനേരിടാൻ
വെറുതെ ഒറ്റക്കിരുന്നപ്പോളും
ഭംഗിയായ് ആർക്കും തോന്നിയില്ല
പറ്റം ചേർന്നു നിന്നപ്പോഴും
പറിച്ചെടുത്തിട്ടുണ്ടായിരുന്നു
ഓർത്തിരിക്കുക പെൺപൂകളെ
ഒറ്റക്കായാലും പറ്റമായാലും കൗതുകത്തിനു
വേണ്ടി പോലും പിച്ചി ചീന്തി പോവുന്നതാണ്
നമ്മുടെ ബാല്യം പോലും

ദേവനന്ദ എ.എസ്

# ഈ കാലവും കടന്നു പോകും

കനലു കത്തുന്ന കാലമാണെങ്കിലും
ലഹരി കണ്ണിൽ നിറച്ചു
ചോദിച്ചുവോ
ഇനിയു മേവിടെ കിട്ടുമെന്ന്
ഉള്ളു പൊട്ടി ചോദിച്ചുവോ

ഉടലു കത്തുന്ന കാലമാണെങ്കിലും
ലഹരിയിൽ മുങ്ങിയാഴ്ന്നുള്ള യൗവനം
ലഹരിയൊഴികിയ വഴികളിലൊക്കെയും
ആതുരാലയം പൃ ക്കിയോത്രപേർ

പീഡനങ്ങൾ പരാതികൾ വീഴ്ചകൾ
ലഹരി പൂക്കുന്ന പാ തിയിലാകാവേ
അസിഡക്രമണങ്ങൾ മനസിനെ
കുത്തി വീഴ്ത്തുന്ന പ്രണയപ്പകകളും

സ്നേഹ വഴികളിൽ വിടരും
പ്രഭാതങ്ങൾ
ഇനിയിതെന്നു നാം
കാണിക്കണ്ടുണർന്നി ട്ടും

ആശ മൊട്ടിട്ടുണ കാലം
കാത്തിരിക്കുന്ന ഞാനമിക്കാലം

ദേവനന്ദ എ എസ്
9A

കഥ

# ദുഷ്ടയായ മകൾ

ഒരു നാട്ടിൽ ഒരു രാജാവും രാജ്ഞിയും താമസിച്ചിരുന്നു. ഇവർ വലിയ പണകാരായിരുന്നു.പക്ഷെ ഇവർക്ക് ഒരു സങ്കടം ഉണ്ടായിരുന്നു, മക്കളില്ലാത്ത സങ്കടം.അങ്ങനെ ഇവർ കുറച്ചു കാലം കഴിഞ്ഞപ്പോൾ രാജ്ഞി രാജാവിനോട് പറഞ്ഞു നമ്മുക്ക് കുട്ടികളെ ദത്തെടുകാമല്ലൊ.... രാജാവ് അങ്ങനെ ഒരു കുഞ്ഞിനെ ദത്തെടുത്തു.ആ കുഞ്ഞിനു ഒരു പേര് ഇട്ടു. പേര് നന്ദിത എന്നായിരുന്നു.അവൾക് അച്ഛനോടും അമ്മയോടും നല്ല സ്നേഹമാണ്.അങ്ങനെ ഒരിക്കൽ രാജ്ഞിക്ക് ഒരു സന്ദോഷവാർത്ത വന്നു. രാജ്ഞി സന്ദോഷവതിയായി.രാജ്ഞിക്ക് ജനിച്ച കുട്ടി മഹാ ദുഷ്ട ആയിരുന്നു. അങ്ങനെ രാജ്ഞിയെ സ്വന്തം മകൾ തല്ലിയ വിഷമത്തിൽ രാജ്ഞി സ്വന്തം മുറിയിൽ നിന്ന് ഇതു രാജാവിനോട് പറഞ്ഞു.രാജാവിന് അത് കേട്ട് സങ്കടമായി.രാജാവിന്റെ രണ്ടു മക്കളെയും വിളിച്ചുവരുത്തി.പിന്നെ തന്റെ മൂത്തകുട്ടിയെ ദത്ത്എടുത്തതാണെന്നും നിന്നെ സ്വന്തം അമ്മ പെറ്റതാണെന്നും പറഞ്ഞു. അപ്പോൾ പൊട്ടികരഞ്ഞു രാജ്ഞിയെ കെട്ടിപിടിച്ചു.അതിനു ശേഷം അവർ സന്തുഷ്ട കുടുംബമായി ജീവിച്ചു. പിന്നീട് അവൾ നല്ല കുട്ടിയായി അവളുടെ സ്വഭാവം നല്ലതായി.

നന്ദന



കവിത

# രാത്രി

ഒരു സന്തോഷം നിറഞ്ഞ രാത്രി
ഞാനെൻ്െ റൂമിൽ ഉറങ്ങാൻ
കിടക്കുമ്പോൾ ജനൽ കാറ്റിനാൽ
അടുകയായിരുന്നു. ഞാൻ അടയ്ക്കാൻ
പോയപ്പോൾ മരങ്ങൾക്കിടയിലൂടെ
നിലാവിൻ്റെ പ്രകാശം  ഞാൻ കണ്ടു.
അവിട ത്തേക്ക് ഞാൻ
നോക്കിനിൽക്കുമ്പോൾ
പ്രതീക്ഷിക്കാതൊരു മന്ത്രനാദം
പോലെ ആ കോളിങ്ങ്ബെൽ എൻ്റെ
ചെവിയിൽ മുഴങ്ങി. ആ നിമിഷം
ഭയത്താൽ വിറച്ച വീടിലുള്ളവർ
വാതിൽ തുറക്കുമെന്ന് വിചാരിച്ചു.
പിന്നെയും ഞാൻ ആ ബെൽ കേട്ടു .
നിവർത്തിയില്ലാ- തെ ഞാൻ വാതിൽ
തുറക്കാൻ പോയി വാതിൽ
പിടിച്ചപ്പോൾ കൈകാലുകൾ
വിറച്ചുകൊണ്ടിരുന്നു. എന്നാലും
ധൈര്യം സംഭരിച്ച് വാതിൽ തുറന്നു.
അപ്പോൾ ഞാൻ മുന്നിൽ കണ്ടത് ഇരുട്ട്
മാത്രമാണ്. പിന്നീട് എനിക്ക്
മനസിലായ് ഭയത്താൽ എനിക്ക്
തോന്നിയതാണെന്ന്. അപ്പോൾ അമ്മ
അരികിലേക്ക് വന്ന് ചോ- ദിച്ചു. . എന്താ
നീ ഉറങ്ങാത്തത് ' ഒന്നുമില്ലാ എന്ന്
പറഞ്ഞ് ഞാൻ അന്ന് അമ്മയുടെ കൂടെ
ഉറങ്ങി

സന ഫാത്തിമ.
10. C

കഥ

# വഴിയരികിലെ ഒറ്റപ്പൂവ്

എത്ര കാലമായി, ഇങ്ങനെ ഏകയായി
മറ്റുള്ളവർക്ക് വേണ്ടിയുള്ളാരു ജന്മം ഇതളുകൾ
കൊഴിഞ്ഞു, അംബരത്തിൽ മണ്ണിരിനാൽ
അർക്കൻ ഉജജ്വലിച്ചു,
തൻ ശിരസ്സ് താഴ്ത്തി അവൾ ക്ഷമിച്ചിരുന്നു.
എങ്കിലും തോറ്റില്ലവൾ. വിണ്ടും എഴുന്നേറ്റു
സ്വർവശത്തിയുമായി കാലങ്ങൾ കഴിഞ്ഞു
വസന്തമായി
ശലഭങ്ങൾ വന്ന് തേൻ നുകർന്നുവല്ലോ
കഥകൾ പറഞ്ഞ അവയേ രസിപിച്ചുവല്ലോ
കിടാങ്ങളും വന്ന് ഭംഗിയാസ്വദിച്ചു.
എന്നുമുണർന്നാവൾ പ്രഭാത കിരണങ്ങളേറ്റ്
മറ്റുള്ളവർക്ക് എന്നും ആനന്ദം പകർന്നുകോണ്ട്
എന്നുമോർത്തവൾ പുത്തൻ കഥകൾ
മറ്റുള്ളവർക്കുള്ള പാഠങ്ങളായി ഒരിക്കൽ
വന്നൊരു ക്ഷീണിതൻ തേനീച്ച തേൻ നൽകി
അവനേ ഉജജ്വലനാക്കി കർമഫലം
പ്രതീക്ഷിക്കാതെ തിരിച്ചയച്ചു.
കാലങ്ങൾ കഴിഞ്ഞു- അവളെ പ്രകടതി തൻ
കരങ്ങളൊഴിഞ്ഞു മാരിയും അർക്കനും മാറി
മാറി ക്ഷീണിതയായയവൾ എന്നെനോക്കും
ശലഭങ്ങളില്ല, കിടാങ്ങളില്ല തേനിച്ചകളുമില്ല,
തണലാകുവാൻ മരണം തൻ കരങ്ങൾ നീട്ടി
അവളേ കെട്ടി പുണർന്നുവല്ലോ. സഫലമീജന്മം,
വീണ്ടും ജനിച്ചവൾ സ്വർഗം തൻ "വഴിയിലെ
ഒറ്റപ്പുവായി".

-ഇസ അജേഷ്



# പ്രകാശം

പാകരാറിലെ മിന്നലാണ് നീ.
പാൽ കിനാവിലെ ഉവലാണ് നീ.
എൻ മനസിലെ ജീവനാണ് നീ.
ജീവനുള്ളിലെ നന്മയാണ് നീ.
സങ്കടത്തിലെ വെളിച്ചമാണ് നീ.
തേൻ മരത്തിലെ ചില്ലയാണ് നീ!

നസ്‌ല കെ -10C

കവിത

# ഒറ്റപ്പൂവ്

ഞാൻ നിദ്രയിലാണ്ടുപോയി
നിദ്രയിലാരോ കൊണ്ടു പോയി
അറിയാതെ മനം പിടഞ്ഞു പോയി
കാടിനുള്ളിൽ നട്ടു
ആരോ എന്നെ
വെള്ളം തേവി
നനച്ചു തന്നു
കൂട്ടത്തിലാരോ
പറിച്ചെറിഞ്ഞു
വർഷം ആ വഴി വന്നു പോയി
മാരുതൻ  എന്നിതൾ
കൊണ്ടു പോയി
തോഴിമരില്ലാത്ത
സങ്കടം  കൊണ്ടു ഞാൻ
കരിയില പോലെ
ഉണങ്ങിപ്പോയി



ആതിര ആർ

കഥ

# കൂട്ടിന്......

അയാൾ അങ്ങനെയാണ് പുസ്തകങ്ങളെ സദാ സ്നേഹിച്ചയാൾ  കഥയേയും കവിതയേയും തന്റെ ഇടം വലം ഇരുത്തി കഥ പറയുന്നയാൾ. ആ സ്വഭാവം അദ്ദേഹത്തിന്റെ ജീവിത സഹജമാണ് പുസ്തകങ്ങൾ വാങ്ങാൻ അദ്ദേഹം എന്തും ചെയ്യും വേണമെങ്കിൽ കൊല്ലാനും തയ്യാർ. ഇത്രത്തോളം പുസ്തകങ്ങളെ സ്നേഹിച്ച ഒരാൾ ഈ നൂറ്റാണ്ടിൽ ഉണ്ടായിട്ടുണ്ടാവില്ല. ഏറേ ധാനികനായിരുന്നു അയാൾ തന്റെ സാമ്പാദ്യത്തിന്റെ 80 ശതമാനവും പുസ്തകങ്ങൾ വാങ്ങാനായിരുന്നു ചിലവിട്ടിരുന്നത്. അങ്ങനെ യിരിക്കെ അയാളുടെ സമ്പാദ്യം അവസാനിക്കാറായി. ഇനി പുസ്തകങ്ങൾ വാങ്ങാൻ അയാളുടെ കൈയിൽ പണമില്ല. കൈയിലുള്ള പുസ്തകങ്ങളെല്ലാം  വായിച്ചു തീർന്നു. ഇനിയെന്ത് വായിക്കും എന്ന ചോദ്യം അയാളെ വല്ലാതെ അലട്ടി സ്ഥിരമായി ലഹരി ഉപയോഗിക്കുന്ന ഒരാൾക്ക് അത് ലഭ്യമാകാതാകുമ്പോൾ ഉണ്ടാകുന്ന മാനസികവിഭ്രാന്തി അയാൾക്കും ഉണ്ടായി. അങ്ങനെ വായന എന്ന ലഹരി ലഭ്യമാകാൻ അദ്ദേഹത്തിന്റെ മുന്നിൽ പല വഴികളും തെളിഞ്ഞു അതിൽ അയാൾ തിരഞ്ഞെടുത്ത വഴി ചെകുത്താന്റേത് ആയിരുന്നു ' മോഷണം ' അങ്ങനെ അയാൾ മോഷണത്തിനായി തയ്യാറെടുത്തു. അങ്ങനെ ആ ദിവസം വന്നെത്തി. ആ സംഭവം നടക്കുകയാണ്

അത് ഇങ്ങനെയാണ് _ അന്നേ ദിവസം രാത്രി അയാൾ വീടു വിട്ടിറങ്ങി. ആദ്യമായി മോഷണം ചെയ്യുന്നതിന്റെ ഒരു പരിവേശമോ പരിഭ്രാന്തിയോ മുഖത്ത് കാണ്മാനില്ല. നടന്നു നടന്നു അയാൾ ഒരു വീടിനു മുന്നിൽ നിന്നു. ആ വീട് കണ്ടാൽ തന്നെ അറിയാം അത് ഒരു പണക്കാരന്റെ  വീട് ആണെന്ന്. അയാൾ വീടിനുള്ളിലേക്ക് കയറി. വീടിനുള്ളിൽ ആരുമുണ്ടായിരുന്നില്ല എങ്ങും നിശബ്ദത എന്തുകൊണ്ടോ അലമാരയുടെ പൂട്ട് അയാൾക്ക് തകർക്കാൻ കഴിഞ്ഞു അതിനുള്ളിൽ നിന്ന് അയാൾ എടുത്തത് വെറും 50000 രൂപമാത്രം. ലക്ഷങ്ങളുടെ കെട്ടുകൾ ഉണ്ടായിട്ടും എന്തുകൊണ്ട് അത്രമാത്രം  എടുത്തു എന്ന ചോദ്യം അവിടെയും.

ആ പണംകൊണ്ട് അയാൾ ഒരുപാട് പുസ്തകങ്ങൾ വാങ്ങിച്ചു ബാക്കിയുള്ള പണം ഉപയോഗിച്ച് തന്റെ മറ്റ് അവശ്യവസ്തുക്കളും മറ്റു ചിലവുകളും ഒതുക്കി തീർത്തു. വിശപ്പ് അദ്ദേഹത്തിന് വായനയുടെ അത്ര പ്രാധാന്യമുണ്ടായിരുന്നില്ല. പുസ്തകം എന്ന ലഹരി ലഭിച്ചതിന്റെ സന്തോഷത്തിൽ ആയിരുന്നു അയാൾ. വാങ്ങിച്ച പുസ്തകങ്ങൾ എല്ലാം വായിച്ചു തീരുന്നു. പുസ്തകം വാങ്ങാൻ പണമില്ലാതെ വന്നപ്പോൾ അയാൾ വീണ്ടും മോഹനത്തിന് ഇറങ്ങി. അങ്ങനെ മോഷണത്തിന്റെ എണ്ണം പുസ്തകങ്ങൾ തീരും തോറും വർധിച്ചു വന്നു.

അങ്ങനെ ഒരുനാൾ അയാൾ പിടിക്കപ്പെട്ടു 'പല നാൾ കള്ളൻ ഒരു നാൾ പിടിയിൽ' എന്നാണല്ലോ.

അങ്ങനെ കോടതി വിചാരണയ്ക്കു ശേഷം വിധി വന്നു ജീവ പര്യന്തം തടവും ശിക്ഷ. അയാൾ ജയിലിന്റെ ഇരുട്ടറകളിലേക്കു തള്ളപ്പെട്ടു. അപ്പോഴും അയാൾ

കൂടെ കൂട്ടിന് കൂട്ടിയത് പുസ്തകങ്ങളെ  ആയിരുന്നു

വസുദേവ് എസ്
9 I

കവിത

# യാത്ര



ഒരു യാത്ര പോകണം
ഈ യാത്ര തീരുമുന്ബെ
നീലാകാശത്ത് പാറിപറന്ന്
നീലക്കടലിലിലൂള്ളിയിട്ട്

പച്ചപ്പഴങ്ങൾ പറിച്ചു കടിച്
പച്ചയായ് തണലേകണം
മരത്തിന്നെ കയ്യിലെടുത്ത്
മഞ്ഞപ്പ ടവല്ലുവള്ളിപോലെ

ഊഴുന്നുകളിക്കണം
പാൽനിലാവ് ഋകുന്ന രാത്രിയിൽ
പാറപ്പുറത്തിരുന്ന്
നക്ഷത്രമെണ്ണണം

മുലപൂമണമുള്ള കാറ്റിന്റെ
മിണ്ടായ്യ തീർക്കണം
തെച്ചിപ്പൂപിച്ചിപ്പറിച്ച്
മാല തീർക്കണം

അറ്റമില്ലാത്തെ നീണ്ടുകിടക്കുന്ന
അനശ്വര പ്രപ്പഞ്ചത്തിലാകെ
അപ്പൂപ്പൻതാടിയായ്
പാറിപറക്കണം.....




ഹൈഫ
10 C

കവിത

# നഷ്ട പ്രണയം

`എല്ലാം മതി ഇനിയൊന്നുമില്ല
അവന്റെ മുഖത്തടിച്ച പോലെ അതു പറഞ്ഞവൾ തിരിഞ്ഞു നടന്നപ്പോൾ അവളുടെ കണ്ണുകൾ കലങ്ങിയിരുന്നു. നേർത്ത മഴയിൽ അവളുടെ കണ്ണുനീർ ആരും കണ്ടില്ല. എവിടേക്ക് എന്നുപോലും അറിയാതെ അവൾ യാന്ത്രികമായി മുന്നോട്ടു നടന്നു. അവൾ വായിക്കാൻ ശ്രമിക്കുമ്പോഴും അവന്റെ മുഖം തെളിഞ്ഞു തെളിഞ്ഞു വന്നു.
അവനോടുത്തുള്ള സന്തോഷകരമായ ഏതോ നാളുകളിൽ  തലവേദന അവൾ ആദ്യം ഒന്നും ശ്രദ്ധിച്ചിരുന്നില്ല. സഹിക്കാൻ പറ്റാതായപ്പോഴാണ് ഡോക്ടറുടെ മുന്നിൽ ചെന്നു നിന്നത്.
' ബ്രെയിൻ ട്യൂമർ'
അന്തരീക്ഷം ആകെ ഇരുട്ടുമൂടിയതുപോലെ....
എണ്ണപ്പെട്ട ദിവസങ്ങൾ മാത്രംകൈമുതലായുള്ള അവൾക്ക് അവനെ കാണാനെ തോന്നിയില്ല. പല കാരണങ്ങൾ പറഞ്ഞവൾ അകന്നു. അകലുംതോറും അടുക്കാനുള്ള ആഗ്രഹം പതിന്മടങ്ങായി വളർന്നു .
ദിനങ്ങൾ വളർന്നു. അവൾ ക്ഷീണിച്ചു. തന്റെ അസുഖം ഒരിക്കലും അവന് അറിയരുതെന്ന് അവൾ ആഗ്രഹിച്ചു. അറിഞ്ഞാൽ എന്നെ വിട്ടു അവൻ പോകില്ലെന്ന് അവൾക്കു ഉറപ്പായിരുന്നു. പലതവണ അന്വേഷിച്ച് വന്നിട്ട് അവന് മുഖം കൊടുക്കാതിരുന്നത് അതുകൊണ്ടാണ്. അവൻ ഏറെ ഇഷ്ടപ്പെട്ട അവളുടെ നീണ്ട മുടികൾ കൊഴിഞ്ഞുപോയി തുടുത്ത കവിളിണങ്ങൾ ഉൾവലിഞ്ഞു. വികൃതമായ തന്റെ മുഖം കാണാതിരിക്കുവാൻ മുറിയിലെ കണ്ണാടി അവൾ മാറ്റിവച്ചിരുന്നു. അവനോട് നിരന്തരം കഥകൾ പറഞ്ഞ് അവളുടെ വെള്ളാരം കണ്ണുകൾ തിളക്ക മറ്റ് പാതി അടഞ്ഞു പോയി. ഉറപ്പായും തന്നെ തേടിവരുന്ന മറ്റൊരുവനെ കാത്ത് അവൾ മയങ്ങി കിടന്നു.
-------------------------------------------------------

ഫാത്തിമ ഷാദിയാ
9.C



# അവൾ പിന്നെ ഞാൻ

വഴിയരികിലെ
വീണു കിടക്കുന്ന
കുഞ്ഞു പൂവിനും എനിക്കും
ഒരേ കഥയാണ്
ഒരേ........ കഥ......

ആറ്റുനോറ്റാണ്
അവളും ഞാനും വിടർന്നത് കൊഞ്ചി
നാണം കുണുങ്ങിയാണ്
നടന്നത്
കാലിടറാതെ നോക്കിയ
വളർത്തിയത്
പൂവിട്ടപ്പോഴോ
എന്താ ഭംഗി

ഒരിക്കൽ ആരോ വന്ന്
കുഞ്ഞിക്കാതുകളിൽ പറഞ്ഞു
" ഒരുപാട് ഇഷ്ടായി സുന്ദരീ "ന്ന്
ഞാനൊരു കുഞ്ഞല്ലേ
സ്നേഹിക്കാൻ അല്ലേ അറിയൂ
പിന്നെപ്പൊഴോ
മൊഴിമാറി... കൈകയറി
ആദ്യമൊക്കെ തഴുകിയതേയുള്ളൂ
പിന്നെ തലോടി
തടവിയപ്പം ഒന്നു നൊന്തു
അതുകഴിഞ്ഞപ്പം
ഓരോ ഇതളുകളായി
പിച്ചി എടുത്തു
ഒത്തിരി വേദനിച്ചിട്ടും
ഒന്നും മിണ്ടില്ല

സ്നേഹം കൊണ്ടല്ലേ
ഇതളുകൾ ഒക്കെ തീർന്നപ്പം
കുഞ്ഞിപ്പൂ കുഞ്ഞിന്റുള്ളിലും
തഴുകിവന്ന കാറ്റിനോടും
തൊട്ടുണർത്തുന്ന വെയിലിനോടും
പറഞ്ഞപ്പം രണ്ടാളും

## ശ്.. ശ്... ശ്

ഒരുറക്കത്തിൽ
ഇറുത്തെടുത്തതാ
ഒന്നുമറിയാതെ
ബാക്കിപത്രമായ ചെടിയും പോയി
വേരോടെ

ആദ്യമൊക്കെ
മണ്ണിൽ പ്രകമ്പനം
മഴക്കോളമിടിക്കാറും
ഇല്ലാത്ത മഴയും
അന്ന് കരഞ്ഞു.
പിന്നെ പിന്നെ
മണ്ണതു മറന്നു
വാനം പഴയതായി

കുറിച്ചിട്ട
ആയിരക്കണക്കിന് താളുകളിൽ
അവളും ഒരു
പേരായി മാറി
രണ്ടക്ഷരമുള്ള
പേര്
പൂവ്
പെണ്ണ്

---

ഹൈഖ ഫാത്തിമ
10 C ൧. C

കഥ

# വേനൽമഴ

അന്നും ഒരു തിക്കുമുട്ടലനുഭവിച്ച ദിവസമായിരുന്നു......ജീവിതത്തിന്റെയും മരണത്തിന്റെയും ജാക്ക് പോട്ട് കളിയുടെ ഒടുവിലത്തെ നൂൽ പാലത്തിലൂടെ സഞ്ചരിച്ച നിമിഷങ്ങളുള്ള ഒരു ദിവസം ....... നിറഞ്ഞ ശൂന്യതക്കൊടുവിൽ ,തനിക്കെതിരായ ന്യായ വിധികൾ നീട്ടി, കൈവിരൽ ത്തു മ്പിലും വാക്കിൻ മുനയിലും അഗ്നിശരങ്ങ ളൊ ളിപ്പിച്ച വിചാരണ ചെയ്തവരിൽ നിന്നുമിറങ്ങി നടക്കുമ്പോഴും മനസ്സ് ശൂന്യമായിരുന്നു.....ഒന്ന് പൊട്ടിക്കരയാൻ പോലുമാവാതെ.....എപ്പോഴോ ആ ശൂന്യതയിലേക്ക് കോട മഞ്ഞിറങ്ങി വന്നു....

നഗരത്തിന്റെ ഇരമ്പലുകൾ നേർത്ത് വരുന്നു......എവിടെക്കെന്നറിയാതെ നടന്നു.....നടന്നത് മനസ്സോ ശരീരമോ....പരിധിക്കകത്ത് തന്നെയുള്ള foninakathekku കോളുകൾ വരുന്നുണ്ടുണ്ടായിരുന്നു.......എല്ലാത്തിനും കൃത്യമായ മറുപടി കൊടുത്തു കൊണ്ടിരുന്നു....എല്ലാവരും നിസ്സഹായാവസ്ഥ അറിയിക്കാനാണ് വിളിക്കുന്നത്...അവസാന നിമിഷം കൂടെ നിൽക്കാനാവത്തതിൽ വിഷമം പ്രകടിപ്പിച്ച .....തലച്ചോറി ലേക്കി റങ്ങിയ കോടമഞ്ഞ് വാക്കുകൾക്കു കൃത്യത വരുത്തിക്കൊണ്ടിരുന്നു........ഏതോ യന്ത്രത്തിൽ നിന്നും വരുന്നത് പോലെ.....

പാർകിന്റെ വെളിച്ചം വീഴാത്ത കോണിലെ ബെഞ്ചിലിരുന്നു...ബാഗിലുണ്ടായിരുന്ന കുപ്പിയിലെ മിനെറൽ വാട്ടർ തീർന്നിരുന്നു.അവസാന തുള്ളി വായിലേക്കിറ്റി ച്ചു...തുറന്നു കിടക്കുന്ന മുയൽ കുട്ടന്റെ വായ ലക്ഷ്യമാക്കി കുപ്പി പറന്നു......

ബെഞ്ചിന്റെ കൈ വരി മുറുകെ പിടിച്ചു...ഒന്ന് തല ചായ്ക്കണം.....കോടമഞ്ഞ് കനത്തു വരുന്നു....കണ്ണ് തുറക്കാനാവുന്നില്ല......കൺ പോളകൾക്കപ്പുറത്ത് മിന്നാമിനുങ്ങു കളോ നക്ഷത്രങ്ങളോ......ആരോ അടുത്ത് വന്നിരിക്കുന്നോ....നെറ്റി യിൽ തലോടുന്നോ.......ചന്ദനത്തിന്റെ വാസന .....പനിച്ചു ചുട്ടുപൊള്ളുന്ന നെറ്റിയിൽ അരച്ച ചന്ദനം പുരട്ടുന്നത് അമ്മയല്ലേ..........അമ്മേ......................

**********

**********

മോനെ മുറുക്കിപ്പിടിച്ചു കൊണ്ട് ഈ ഇരിപ്പിരിക്കാൻ തുടങ്ങീട്ടു സമയമെത്രയായി? ചുറ്റും കരിനീല നിറമാർന്ന കടൽ വെള്ളം മാത്രം....തിരമാലകൾ ക്കുള്ളിൽ നിന്നു ഈ dove cot ൽ എത്തി പ്പെട്ടത് ഭാഗ്യം.........മോൻ ശാന്തനാണ്...വിഴുങ്ങാനിരിക്കുന്ന ആപത്തിനെക്കുറിച്ച്

അവനു സൂചന കിട്ടിയിട്ടുണ്ടാവുമോ ?അവൻ ഒന്ന് കൂടെ തന്നോട് ചേർന്നിരിക്കുന്നു....

അങ്ങ് കോട്ട ക്കുന്നിൽ നിന്നു നോക്കുമ്പോൾ കടലിൽ ഒറ്റ ക്കാലിൽ ഉയർന്നു നിൽക്കുന്ന പ്രാവിൻ കൂട് പോലുള്ള ലൈറ്റ് ഹൌസ് കണ്ടു മോൻ ചോദിക്കും...അതെന്തിനാച്ഛാ കടലിനു നടുല് പ്രാവിൻ കൂട്? പറന്നു ചിറകു കുഴയുമ്പോൾ വിശ്രമിക്കാനാ?
അല്ല മോനെ , അത് ലൈറ്റ് ഹൌസാ...രാത്രീല് യാത്ര പോകുന്ന കപ്പലുകൾക്ക് വഴി കാണിക്കാനാ........അനു മോനെ ഭൂമി ശാസ്ത്രം പഠിപ്പിക്കു മ്പോൾ താൻ ചിറകു കുലുക്കി കലപില കൂട്ടുന്ന മീവൽ പക്ഷികളെ നോക്കിയിരിക്കുകയാവും,,,,,,.അനു........നെഞ്ച് പൊടിയുന്നു.....അച്ഛനെയും മോനെയും തനിച്ചാക്കി അവൾ പോയിട്ടു മൂന്നു മാസമാവുന്നു....ഇല്ല ...അവളെങ്ങും പോയിട്ടില്ല... ഇവിടെ ഞങ്ങളുടെ കൂടെ ത്തന്നെയുണ്ട്....അനും അവൾ പറയുമായിരുന്നു.ഡയറി യിൽ കുത്തി ക്കുറിക്കുമായിരുന്നു.... Are not the mountains oceans and the storms a part of me, As I am of them ?

അതെ , ഞങ്ങളെ ചൂ ഴ്ന്നു നിൽക്കുന്ന ഈ നടുക്കടലിലും അവളുണ്ടാവും....
താനും അവളെ വേണ്ടത്ര ശ്രദ്ധിച്ചിരുന്നില്ല..ബിസിനസ് കാര്യങ്ങൾക്കായി ഇന്റർനെറ്റിന്റെ ആഴങ്ങളിലേക്ക് ഊളിയിടുമ്പോൾ തമാശയായി അവൾ പറയുമായിരുന്നു..ഞാനിപ്പോ വേണ്ടാല്ലേ ഹരിയേട്ടന്...............
ഉള്ളിലെരിയുന്ന കനലിൽ ഒരു നിമിഷം കൊണ്ട് ദഹിച്ചു പോയെങ്കിൽ .....

കടൽ ഇപ്പൊ ശാന്തമായിരിക്കുന്നു.....അടുത്ത തിര വരാൻ ഇനിയും പതിനഞ്ചു മിനിട്ടെടുക്കും.....ആ നിമിഷം.........കണ്ണിറുക്കിയടച്ചു... സുനാമി എന്നാ പ്രതി ഭാസം ഒരു നിത്യ സംഭവമായി തീർന്നിരിക്കുന്നു.......ഒരപകടവും നമ്മളെ ബാധിക്കില്ല എന്ന വിശ്വാസത്തിന്റെ ആയുസ്സ് അപകടത്തിൽ പെടുന്ന നിമിഷം വരെ മാത്രം....... എപ്പോ വേണമെങ്കിലും കടലിലേക്ക് ചാഞ്ഞമരാവുന്ന ഈ പ്രാവിൻ് കൂട്ടിൽ ഞാനും മോനും മാത്രം...

ഇതിന്റെ ജാലകം വല്ലാതെ ഇളകുന്നല്ലോ...........അച്ഛാ ....അതാ ഒരേട്ടൻ .......

മോനെക്കാളും ഇത്തിരി കൂടി മുതിർന്ന ഒരു കുട്ടിയാണല്ലോ അത്.....ഇളകിയ ജനൽ പാളിക്ക് താഴെ വെള്ളത്തിൽ എന്തോ ഒരു

മരക്ക ഷ്ണ ത്തിൽ പിടിച്ച ചാഞ്ചാടുകയാണ് .....

ഈശ്വരാ......മെല്ലെ ഒരു കൈകൊണ്ട് മോനെ നെഞ്ചോ ടമർത്തി മറു കൈ കൊണ്ട് അവനെ കൂട്ടിലേക്ക് വലിച്ചു കയറ്റി..... ജാലകത്തിലൂടെ അകത്തേക്ക് കടത്തി...പാവം വീണ്ട പോയി.........ഭാഗ്യത്തിന് വെള്ളം കുടിച്ചിട്ടില്ല .......ഷർട്ടൂരി മാറ്റി പുറവും നെഞ്ചും തടവിക്കൊടുത്തു.....

പെട്ടന്നാണാ ചിന്ത കടന്നു വന്നത് ...നിമിഷങ്ങൾക്കുള്ളിൽ അടുത്ത തിരമാലയെത്താം....
ജനൽ ഒരറ്റം വിട്ടു തുങ്ങി കിടക്കുകയാണ്.....ധൃതിയിൽ മോനെ താഴെ വച്ചു.........പറഞ്ഞാലനുസരിക്കാത്ത കൈകൾ എങ്ങനെയോ ഉയർത്തി ജനൽ വലിച്ചടച്ചു കൊളുത്തിട്ടപ്പോഴേക്കും കുന്നിന്റെ ഉയരത്തിൽ തിരമാല വന്നു പ്രാവിൻ കൂട് മൂടിക്കഴിഞ്ഞിരുന്നു......പക്ഷെ ഒരു തുള്ളി പോലും വെള്ളം അകത്തു കടക്കുന്നില്ലല്ലോ......രണ്ടു കുട്ടികളെയും അമർത്തി പ്പിടിച്ചു പകച്ചു കണ്ണുകളോടെ ജനലിന്റെ ചില്ലിന്റെ നേർക്ക് നോക്കി.....ചെളി നിറത്തിൽ പതഞ്ഞൊഴുകുന്ന വെള്ളം...ചില്ലിലെക്കാഞ്ഞടിക്കുന്നു.......ഇത് പൊട്ടുമോ ......മെല്ലെ വെള്ളത്തിന്റെ നിറം കറുപ്പ് നിറമായി..ഇരുട്ട് പരക്കുന്നു........മക്കളെ മടിയിലേക്കിട്ടു അവരെ പൊതിഞ്ഞു കൊണ്ട് നിലത്തമർന്നിരുന്നു........കണ്ണു കളിറു ക്കിയടച്ചു.......

നിമിഷങ്ങളെണ്ണി............ദീപസ്തംഭം ചായുന്നില്ലല്ലോ............തല ചൊരുക്കുന്നു.......കണ്ണു തുറക്കാൻ ധൈര്യ മില്ല.........ഒരു യുഗം കൺ മുന്നിലൂടെ കടന്നു പോവുന്നു.....എന്റെ മോൻ.......

മെല്ലെ കണ്ണിനു മുന്നിലെ ഇരുട്ട് മായുന്നു....... ശ്വാസമെടുക്കാൻ പോലും മറന്ന നിമിഷങ്ങൾ....കൺ പോളകൾക്ക് ഈ ഭൂമിയേക്കാൾ കനം...

കുട്ടിക്കാലത്ത് അച്ഛൻ ചൊല്ലി ത്തന്ന ,ഇപ്പോൾ മറന്നു തുടങ്ങിയ സന്ധ്യാ നാമത്തിലെ വരികൾ എവിടെയോ
മുഴങ്ങുന്നോ......അജയ്യതയോടെ ,മുന്നിൽ കണ്ടതെല്ലാം കൈ പിടിയിലാക്കി നടന്നു വന്നപ്പോൾ കയ്യിൽ വാരിയെടുത്ത മണൽ ത്തരികളെ പ്പോൽ ദൂരെ എറിഞ്ഞു കളഞ്ഞ വരികൾ..........

************

************

കണ്ണ് തുറന്നു..........അയ്യോ മക്കളെവിടെ ? പ്രാവിൻ കൂടിന്റെ ജാലകം ലക്ഷ്യമാക്കി ഓടി ........ ഞാനെവിടെയാണ് ?കടലെവിടെ ? ദീപസ്തംഭ മെവിടെ?
എവിടെയോ കിടക്കുകയാണല്ലോ ? കടൽ ചൊരുക്ക് തലയിൽ നിന്ന് മാറാനിത്തിരി സമയമെടുത്തു...മെല്ലെ മെല്ലെ എല്ലാം ദൃശ്യമായിത്തുടങ്ങി.....കഴിഞ്ഞ ദിവസത്തെ ബിസിനെസ് മീറ്റിംഗിൽ നടന്ന കാര്യങ്ങൾ മനസ്സിൽ തല പൊക്കി.....

ഇനിയെന്ത് ? വീണ്ടും ഫോൺ റിംഗ് ചെയ്തു.....കട്ട് ചെയ്യാൻ തുടങ്ങിയതാണ്.....പേര് അറിയാതെ ശ്രദ്ധിച്ചു....അനിയനാണ്.....ചെന്നൈ യിൽ നിന്നും........

ഏട്ടാ......ഇതെവിടെയാ..........മോൻ കരഞ്ഞു ബഹളമാക്കുന്നല്ലോ.......ഏട്ടനെ എത്ര വിളിച്ചു? അടുത്ത ഫ്ളാറ്റിലെ റഷീദിക്ക ഒരുപാടു നേരായി ഏട്ടനേം എന്നേം വിളിച്ചോണ്ടിരിക്കുന്നു , ഏട്ടാ എന്തെങ്കിലും ........അങ്ങേ തലക്കൽ ഉൽക്കണ്ഠ ....
പാർക്കിലെ വിളക്കു കാലുകൾ മെല്ലെ കൺ ചിമ്മി.......സാരമില്ല സാരമില്ല എന്നാശ്വ സിപ്പിക്കുന്നത് പോലെ..........

മൊബൈലിൽ സമയം നോക്കി......പത്ത് മണി കഴിഞ്ഞിരിക്കുന്നു......ശരിയാണ് അവൻ പറഞ്ഞത്......മോൻ പേടിച്ചിട്ടുണ്ടാവും..........കാലുകൾ വലിച്ചു വച്ച് നടന്നു............

സ്വപ്നത്തിലെ കടലിന്റെ ഇരമ്പൽ ചെവിൽ നിന്ന് മായുന്നില്ല........
എന്തായിരിക്കാം അങ്ങനെയൊരു സ്വപ്നം?
ഏത് സുനാമിയിലും മോന് തുണയായി ഞാൻ വേണമെന്നായിരിക്കും........അപ്പോൾ മറ്റേ കുട്ടിയോ? അതെ, അവനു അനിയന്റെ ച്ഛായ യാണ്.........
അതെ........ലോകത്തിൽ തന്നെ കാത്തിരിക്കാൻ രണ്ടു പേരുണ്ട് .......... അവർക്കരികിലെത്താൻ വെമ്പുന്നു......

ആരവമൊഴിഞ്ഞ നഗരവീഥിയിലൂടെ വീട് ലക്ഷ്യ മാക്കി നടന്നു.........വഴി വിളക്കുകളെ ക്കാൾ നക്ഷത്രങ്ങളുടെ വെളിച്ചം ഇപ്പൊ കൂട്ടുണ്ട്....മോനെ .......അച്ഛനിതാ എത്തിയല്ലോ..........പകലത്തെ ശൂന്യത മുഴുവനും ആ ഒരു ചിന്തയിൽ വഴുതി മാറുന്നു................താരങ്ങൾ

കൺ ചിമ്മാത്ത രാത്രി................ .അപ്പോൾ എവിടെ നിന്നോ വീശിയെത്തിയ കാറ്റിനൊപ്പം വന്ന വേനൽമഴത്തുള്ളി അയാളുടെ നെറുകയിൽ ആശ്വാസ തീർത്ഥ മാട്ടുന്നത് ഹരി അറിഞ്ഞു തന്റെ നേർക്ക് നീണ്ട മഴയുടെ കൈകളിൽ നിന്ന് മോനെ ഏറ്റ വാങ്ങുമ്പോൾ ആയിരം മഴവില്ലായി അന്ന വിരിഞ്ഞു നിൽക്കുന്നത് അയാൾ കണ്ടു..

**ജയശ്രീ .കെ**

**(അദ്ധ്യാപിക)**



# ഒരു കൊറോണ കാലം

വണ്ടി നിർത്തണേ..... നിർത്തണേ.... നിർത്തണേ വെള്ള വസ്ത്രം ധരിച്ച ഒരു സ്ത്രീ ബസിൻ്റെ പിറകിൽ ഓടാൻ തുടങ്ങി- മാസ്ക്കയും ഗ്ലൗസും, തലയിൽ വെള്ള തൊപ്പിയും ധരിച്ച ഒരു സ്ത്രീ. അവളുടെ വസ്ത്രത്തിൻ്റെ ഇടത് വശത്ത് അവൾ ജോലി ചെയ്യുന്ന സ്ഥലത്തിൻ്റെ പേരെഴുതിയിട്ടുണ്ട്. അത് ഗവ:ഹോസ്പിറ്റൽ കാരശ്ശേരി" എന്നായിരുന്നു. വണ്ടി അവൾക്ക് കുച്ച് ദൂരെയായി നിർത്തി. അവൾ വേഗത്തിൽ ഓടി വണ്ടിയുടെയരികിലെത്തി. പക്ഷെ കണ്ടക്ടർ അവളെ തടഞ്ഞ് നിർത്തി അവളെ വഴക്ക് പറഞ്ഞു. " ഹും, ഓരോർത്തർ വന്നോളും വെറുതെ മനുഷ്യനെ മെനക്കെടുത്താൻ നീയാ ഗവ: ഹോസ്പിറ്റലിൽ അല്ലെ ജോലി ചെയ്യുന്നത്. അവിടെ കൊറോണയും കൂടാണ്. നീ ഞങ്ങൾക്ക് കടി രോഗം പകർത്താനാണോ ഇങ്ങോട്ട് വന്നെ. നിനക്കിവിടെ സീറ്റൊന്നുമില്ല. നീയാണ് എന്നറിഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ വണ്ടി നിർത്താൻ പറയില്ലായിരുന്നു. കണ്ടക്ടർ അവളു മുഖത്ത് നോക്കി പറഞ്ഞു. അത് അവൾക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. പക്ഷെ അവൾക്ക് അതുമാലോചിച്ച് അവിടെ നിൽക്കാൻ സാധിക്കില്ലായി- രുന്നു. അവളെയും കാത്ത് അവിടെ നിൽക്കുന്ന രോഗി കളുടെ മുഖം അവളുടെ മനസ്സിലേക്ക് അടിച്ചു. അതുകൊണ്ട് അവൾ വേഗത്തിൽ ഹോസ്പ്പിറ്റലിലേക്ക് നടന്നു. നടക്കുമ്പോഴും അവളുടെ മനസ്സിൽ ആ കണ്ട്- കടർ അങ്ങനെ പറഞ്ഞത്. ഈ കൊറോണ സമയ- ഞാൻ എല്ലാവരെയും ചെയ്തത് എത്രയോ സഹായിക്കുക മാത്രമാണ് ഞാൻ രാപ്പകലില്ലാതെ ജോലി ചെയ്തു. എന്നിട്ടും.. അങ്ങനെ പലപലചിന്ത കൾ അവളുടെ മനസ്സിലേക്ക് ആഞ്ഞടിച്ചു. ചിന്തകൾ അവളുടെ നടത്തത്തിൻ്റെ വേഗത കുറച്ചു.കുച്ച് സമയത്തിനുള്ളിൽ അവൾ ഹോസ്പിറ്റലിൽ എത്തിച്ചേർന്നു. ഇവഗം ഹോസ്പിറ്റലിൽ കയറി ഡ്യൂട്ടിക്ക് ജോയിൻ ചെയ്തു. പി. പി.ഇ കിറ്റും സാനിറ്റൈസെറും ഉപയോഗിച്ച് അവൾ അകത്തേക്ക് പ്രവേദിച്ചു. പിന്നെ നേരെ കൊറോണ കടകുമ്പോൾ അവൾക്ക് പേടിയാണ്. ഏത് വാർഡിലേക്ക്. അവിടെ വേണമെങ്കിലും എന്തും സംഭവിക്കാം. അവിടെ നിരവധി രോഗികൾ കിടക്കുന്നുണ്ട്. ചെറിയ കുട്ടികൾ മുതൽ വൃദ്ധൻമാർ വരെ. എല്ലാവർക്കും അവളെ വലിയ കാര്യമാണ്. അവളുടെ സ്വഭാവം എല്ലാവരെയും വളരെയധികം ആകർഷിച്ചു . രേവതി ചേച്ചി......രേവതി ചേച്ചി.... മാളു വിളിച്ചു. അവളെ കണ്ടാൽ എല്ലാ പത്തോ വയസ്സ് മാത്രമേ തോന്നുന്നുള്ളൂ. അവൾ അവിടെ വന്ന നിമിഷംമുതൽ അവിക്ക് രേവതിയെ വളതരയധികം ഇഷ്മാണ്. വിടർന്ന കണ്ണുകളുള്ള ആ കൊച്ചുബാലികയെ രേവതിക്കും ഇഷ്ടമാണ്. അവൾ രേവതിയോട് ചോദിച്ചു: എനിക്ക് എപ്പോൾ വീട്ടിൽ പോവാൻ പറ്റു. രേവതി അവളോട് മെല്ലെ പറഞ്ഞു: എത്രയും പെട്ടെന്ന് ഈ കാലവും കടന്നുപോകും.

.നന്ദന-പി.എസ്

# മഴ

ആദ്യം ഞാൻ വന്നത്
കാർവർണനായ് പിന്നെ ഞാൻ
വന്നത് ഇടി മിന്നലായ്

ഇള ചുട്ടുപൊളഞ്ഞുമ്പോൾ മഴമേഘ
മാലാഖ് കണ്ണൊന്നടച്ചു കരഞ്ഞിടുന്നു.

ഞാൻ മണ്ണിൽ എത്തിടുമ്പോൾ ഭൂമി
ചിരിക്കുന്നു.

സൂര്യൻ മറയുന്നു. എൻ മനം
ആനന്ദമാടിടുന്നു.

നീ പിരിയല്ലേ പോയ് മറയല്ലേ നീ
പോയ് മറഞ്ഞാൽ ഞാൻ
വെന്തുപൊള്ളും .

അമയ. സി.

കവിത



# കടൽ

കണ്ണിൽ നിറയെ പവിഴദ്വീപൊളിപ്പിച്ച
കുരുന്നു പൂക്കൾ മണൽ വീട്ടിൽ വിരുന്നു
കളിക്കുന്ന പ്രഭാതങ്ങൾ അമ്മമാർക്ക് തീക്കനൽ
തിന്നാൻ നൽകും.
ചുവന്നു തുടുത്ത സൂര്യകാമനകൾ സ്ഫടിക
രാശികളിൽ നഖചിത്രം മെഴുതും നട്ടുച്ചകൾ
തീരാത്തേങ്ങലായി
കാറ്റാടി ക്കൊമ്പുകളിൽ തൂക്കിയിടും. കടംകയറി
കാശിക്ക് പോകുന്ന ചിന്തകളെ
സാന്ത്വനമേകാനായ് അരികത്തിരുത്തി
പാറക്കൂട്ടങ്ങൾക്കിടയിൽ
അജ്ഞാതദേഹമായൊളിപ്പിക്കും. പീള കെട്ടിയ
കണ്ണുകൾ ചുളി വീണ കവിൾത്തടങ്ങളിൽ
ചുംബിക്കുന്ന സായന്തനങ്ങൾ ബലിച്ചോറിനായി
കറുത്തിരുണ്ട് തെങ്ങോലയറ്റം വരെ
പറന്നിറങ്ങും.

എങ്കിലും മൃത്യു പൂക്കുമീ തീരം എൻ്റെ
വൈതരണി. പുണ്യ സഞ്ചയം തീർത്ത
ചെറുതോണി എനിക്ക് തുണ.

എഴുതിവച്ചതെല്ലാം
അലറിക്കുതിച്ച് മായ്ച്ചു പോകുമ്പോഴും
ആവേശമാണെ നിക്ക്
പിന്നെയും!

കീഴരിയൂർ ഷാജി
(അദ്ധ്യാപകൻ)

# *EDITORIAL BOARD*



**CHIEF EDITOR GAUTHAM**



**SUB EDITOR ALONA**



**TECHINICAL MANAGER ABHIKRISHNA**











മാഗസിൻ നിർമ്മാണ പ്രവർത്തനത്തിന്
സഹായിച്ചവർക്ക്

# ഹൃദയപൂർവ്വം

# നന്ദി